പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4236 03.02.2014 -ൽ മറുപടിക്ക്.

ചിറയിൻകീഴ് താലൂക്കിലെ അന്യസംസ്ഥാന തൊഴിലാളികളുടെ പാർപ്പിട കേന്ദ്രം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചിറയിൻകീഴ് താലൂക്കിൽ ഗവൺമെൻറ് കരാറുകാർ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ടെന്നും ഈ കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും ഓരോ കേന്ദ്രത്തിലും എത്ര തൊഴിലാളികളെ വീതമാണ് താമസിപ്പിക്കുവാൻ അനുവദിച്ചിട്ടുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) | ചിറയിൻകീഴ് താലൂക്കിൽ ഗവൺമെൻറ് കരാറുകാർ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിച്ചിട്ടുള്ളതായി അറിവില്ല. |
| (ബി) ജനവാസമേറിയ കേന്ദ്രങ്ങളിൽ നിയമം ലംഘിച്ചുകൊണ്ട് അന്യസംസ്ഥാനത്തൊഴിലാളികളെ കൂട്ടമായി പാർപ്പിക്കുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലയിലെ അസിസ്റ്റൻറ് ലേബർ ഓഫീസർമാരും, ജില്ലാ ലേബർ ഓഫീസർമാരും ഒറ്റക്കോ, സംഘടിതമായോ പരിശോധനകൾ നടത്തി തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികൾക്ക് താമസസൗകര്യം നൽകുന്നതിന് തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകുകയും നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ.